യിട്ടുണ്ട്. വരുമാനം കൂടുതൽ ലഭിക്കുന്ന സർവീസുകൾ മുടക്കം കൂടാതെ ഓടിക്കുന്നുണ്ട്. ദേശവൽകൃതമേഖലയിൽ കൂടുതൽ സർവീസ് നടത്തുവാൻ ശ്രദ്ധിക്കുന്നുണ്ട്. വരുമാന ചോർച്ച തടയുവാൻ ലൈൻ ഇൻസ്പെക്ഷൻ വിഭാഗം കൂടുതൽ ശക്തിപ്പെടുത്തി. ഇൻവെന്ററി കൺട്രോൾ കൂടുതൽ കാര്യ ക്ഷമമാക്കി. റവന്യൂ ജില്ലാടിസ്ഥാനത്തിൽ പല മേഖലകളായി തിരിച്ച് ഡിസ്ട്രിക്ട് മാനേജർമാരെ ചുമതല ഏൽപ്പിച്ചിട്ടുണ്ട്. ഇവർ യൂണിറ്റുകളിൽ നേരിട്ട് ശ്രദ്ധ ചെലുത്തുകയും വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ ബസ് ക്രൂ മാരേജ് നടപ്പിൽ വരുത്തി. കൂടുതൽ പുതിയ ബസുകൾ നിരത്തിലിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്. പ്രൈവറ്റ് ബസുകൾ ഓടുന്ന റൂട്ടുകളിലെ കെ.എസ്.ആർ. ടി.സി. ബസുകൾ കൃത്യമായും സമയനിഷ്ഠ പാലിക്കാത്തതുകൊണ്ടാണ് വരു മാനകുറവുണ്ടാകുന്നത്. കൃത്യമായിട്ടും വണ്ടി ഓടിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇന്ന് ഓടിക്കുവാനായി നിശ്ചയിച്ചിട്ടുള്ള 3657 ഷെഡ്യൂളു കൾക്ക് ആവശ്യമായ ബസുകൾ കെ.എസ്.ആർ.ടി.സി.ക്കില്ല. ഇത്രയും ഷെഡ്യൂളുകൾ മുടക്കം കൂടാതെ ഓടിക്കുവാൻ 4320 ബസുകൾ ആവശ്യമായിരിക്കേ 4024 ബസുകൾ മാത്രമേ കൈവശമുള്ളൂ. ഇവയിൽത്തന്നെ കുറച്ചു ബസ്സുകൾ അറ്റകുറ്റപ്പണികൾക്കായി നിർത്തിയിട്ടിരിക്കുകയാണ്. ഈ സാഹച ര്യത്തിൽ ചില സർവീസുകൾ ക്യാൻസൽ ചെയ്യാൻ കെ.എസ്.ആർ.ടി.സി. നിർബന്ധിതമാകുന്നു. വരുമാനം തീരെ കുറഞ്ഞ സർവീസുകളും ദേശ വൽകൃതമല്ലാത്ത മേഖലയിലെ സർവീസുകളുമാണ് ഇത്തരത്തിൽ ബസുക ളുടെ അപര്യാപ്തതമൂലം ഓപ്പറേറ്റ് ചെയ്യാത്തത്.

93 (1134) വെഹിക്കിൾ സൂപ്പർവൈസറുടെ പെൻഷൻ ആനുകൂല്യങ്ങൾ

<u>ശ്രീ. ബി. വിജയകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. യുടെ തിരുവനന്തപുരം സിറ്റി യൂണിറ്റിൽ വെഹിക്കിൾ സൂപ്പർവൈസറായി 30.4.98-ൽ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. പരമേശ്വരൻനായർക്ക് പെൻഷൻ ആനുകൂല്യം നൽകിയപ്പോൾ കെ.എസ്. ആർ. പാർട്ട് മൂന്ന് റൂൾ 65 പ്രകാരം ഒരു വർഷത്തെ ഗ്രേസ് പിരിയഡ് ആനു കൂല്യം നൽകിയിരുന്നുവോ;

(ബി) അഞ്ചാം ശമ്പള പരിഷ്കരണ ശുപാർശ നടപ്പിലാക്കിയപ്പോൾ പ്രസ്തുത ആനുകൂല്യം നിരാകരിച്ചിട്ടുണ്ടോ;

(സി) പെൻഷൻ സംബന്ധമായി ശ്രീ. ജി. പരമേശ്വരൻ നായർ സർക്കാരിന് പരാതി നൽകിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നൽകിയിരുന്നു.

(ബി) നിരാകരിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി)&(ഡി) പരിശോധിച്ച് മറുപടി നൽകുന്നതാണ്.

94 (1135) കൊറ്റി-കോട്ടപ്പുറം ജലപാത

ശ്രീ. കെ. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ-പയ്യന്നൂർ-ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള കൊറ്റി-കോട്ടപ്പുറം ജലപാതയുടെ വികസനത്തിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയതെന്ന് അറിയിക്കുമോ;

(ബി) കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസുമായി ബന്ധപ്പെടുത്തി ഒരു ചെറിയ ബോട്ട് കൂടി അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തൃക്കരിപ്പൂർ, പയ്യന്നൂർ, ഹോസ്ദുർഗ്ഗ് നിയോജകമണ്ഡലങ്ങളെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള കൊറ്റി-കോട്ടപ്പുറം ജലപാതയുടെ വികസനത്തിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 321.21 ലക്ഷം രൂപ മതിപ്പു ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ടിന് കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭ്യമാക്കിയിട്ടുണ്ട്. അതിൽ വിഭാവന ചെയ്തിരിക്കുന്ന പണികൾ 2001 ഫെബ്രുവരിയിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ട് നടത്തി വരുന്നു.

(ബി) ഈ റൂട്ടിൽ സർവീസ് നടത്തുക എന്ന ഉദ്ദേശത്തോടെ മൂന്ന് ചെറിയ ബോട്ടുകൾ വാങ്ങുന്നതിനുള്ള ഒരു പ്രൊപ്പോസൽ പരിഗണനയിലുണ്ട്.

95 (1136) ജലഗതാഗതം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലഗതാഗതം പ്രോത്സാഹിപ്പിക്കേണ്ടതിന്റെ ആവശ്യകത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത് പ്രോത്സാഹിപ്പിക്കുന്നതിനായി ഏതെങ്കിലും ഏജൻസികളുമായി ഗവണ്മെന്റ് കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly